# Malayala Manorama
# 24 August 2018
# Kuttanad; After Flood, Flood Destruction

■ കുട്ടനാട്, ചെങ്ങന്നൂർ

## മാനം തെളിഞ്ഞിട്ടും മനം തെളിയാതെ

■ സർക്കാരിന്റെ ശ്രദ്ധ ക്യാംപുകളിൽ മാത്രം

**മനോരമ ലേഖകൻ**

ആലപ്പുഴ • വെള്ളം ഒഴിഞ്ഞു തുടങ്ങിയെങ്കിലും ചെങ്ങന്നൂരും കുട്ടനാടും ഇപ്പോൾ നേരിടുന്നത് വെള്ളം ബാക്കിവച്ച ദുരിതങ്ങളെയാണ്. ചെളിയിൽ മുങ്ങിയ വീടുകൾ വൃത്തിയാക്കണം, കേടുപോക്കണം, ചത്ത കന്നുകാലികളെ മറവുചെയ്യണം, ജീവനുള്ളവയ്ക്കു തീറ്റ കൊടുക്കണം. ഇതിനൊക്കെയുപരി എന്നു വീട്ടിലേക്കു മടങ്ങാൻ കഴിയും എന്ന ആശങ്കയിലാണു പലരും.

അധ്വാനിച്ചു തളരുമ്പോൾ പലർക്കും ഭക്ഷണം കിട്ടുന്നില്ല. വൈദ്യുതിയില്ല, ഫോൺ ബന്ധമില്ല. ചില പ്രധാനറോഡുകളിൽ വെള്ളമിറങ്ങിയതു യാത്രാദുരിതം കുറച്ചിട്ടുണ്ട്. വീടുകളിലേക്കു മടങ്ങിയ പലരുടെയും കയ്യിൽ ഓണമെത്തിയിട്ടും പണമില്ല.

### കുട്ടനാട്ടിൽ രണ്ടരയടി വെള്ളം താണു

കുട്ടനാട്ടിൽ ഇന്നലെ രണ്ടരയടി വെള്ളം താഴ്ന്നെന്നാണു നാട്ടുകാരുടെ കണക്ക്. ചെറിയ റോഡുകളും നടവഴികളും തെളിഞ്ഞു തുടങ്ങി. ബോട്ട് ജെട്ടികളും ആറ്റുനിരപ്പിലെത്തി പക്ഷേ, ബോട്ടുകൾക്കു വഴി സുഗമമായിട്ടില്ല. എങ്ങും ചെളിവെള്ളത്തിന്റെ ഒഴുക്ക്.

വീടുവിട്ടവർ തിരിച്ചെത്തിത്തുടങ്ങിയിട്ടില്ല. ചിലർ വഞ്ചിവീടുകളിലാണു താമസം. വീടു കാത്തും കന്നുകാലികളെ നോക്കിയും കഴിയുന്ന കുറച്ചു പേരുണ്ട്. ഇവർക്കൊന്നും ഭക്ഷണം കിട്ടുന്നില്ല. ചില സ്ഥലങ്ങളിലൊക്കെ സന്നദ്ധ പ്രവർത്തകരും മറ്റും ഭക്ഷണം നൽകുന്നു. ഉൾപ്രദേശമെങ്കിൽ അതുമില്ല. സർക്കാർ സംവിധാനമാകെ ക്യാംപുകളിലാണു ശ്രദ്ധിക്കുന്നത്.

ചർമരോഗങ്ങളാണു മറ്റൊരു വെല്ലുവിളി. വളംകടിയും പ്രാണികളുടെ കടി കൊണ്ടുള്ള വ്രണങ്ങളും പലരെയും അലട്ടുന്നു.

വളർത്തുമൃഗങ്ങളുടെ കാര്യം അതിലും കഷ്ടമാണ്. വീടുവിട്ടവർ ഇവയെ ഉയർന്ന സ്ഥലങ്ങളിലും പാലങ്ങളിലും വള്ളങ്ങളിലും കെട്ടിയതാണ്. ദിവസവുമെത്തി തീറ്റ നൽകാൻ കഴിയുന്നില്ല.



ചെങ്ങന്നൂർ ഇടനാട് പാലത്തിനു സമീപം വെള്ളപ്പാച്ചിലിൽ തകർന്ന കല്ലോടിക്കുഴിയിൽ കെ.സി.ടൈറ്റസിന്റെ വീട്. ഒഴുകിയെത്തിയ വെള്ളത്തിൽ വീടിന്റെ അടിത്തറ പൂർണമായി ഇളകിപ്പോയ നിലയിൽ. ചിത്രം: മനോരമ

### ചെങ്ങന്നൂരിൽ വീട് വൃത്തിയാക്കൽ തുടങ്ങി

ചെങ്ങന്നൂർ മേഖലയിൽ പലയിടത്തും വെള്ളം ഇറങ്ങിത്തുടങ്ങി. എല്ലായിടത്തും വീടുകൾക്കു വൻനാശമുണ്ട്.

ഔദ്യോഗിക കണക്കു പ്രകാരം 213 ക്യാംപുകളിലായി ഇപ്പോഴും 54,000 പേരിലധികം താമസിക്കുന്നു. വീടു വൃത്തിയാക്കാൻ പോയവർക്കു ഭക്ഷണവും വെള്ളവും കിട്ടാത്ത പ്രശ്നം അവിടെയുമുണ്ട്. ക്യാംപിലെത്തിയവരുടെ കണക്കു മാത്രമാണു സർക്കാരിന്റെ പക്കലുള്ളത്. ബന്ധുവീടുകളിൽ കഴിഞ്ഞ ദുരിതബാധിതരുടെ കണക്കുകൾ സർക്കാർ ശേഖരിച്ചിട്ടില്ല.